പത്രക്കുറിപ്പ്

# അനധികൃത മദ്യവിൽപ്പന: 250 കുപ്പി മദ്യവുമായി ഒരാൾ പിടിയിൽ

## ലോക്ക് ഡൗൺ വിലക്ക് ലംഘനം: 437 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- കോവിഡ് രോഗ നിയന്ത്രണങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് മദ്യശാലകൾ അടച്ചിട്ടിരിക്കുകയാൽ തമിഴ്നാട്ടിൽ നിന്നും മദ്യം ഒളിപ്പിച്ചു കൊണ്ട് വന്നു കച്ചവടം നടത്തിവന്നയാളെ 250 കുപ്പി മദ്യവുമായി പോലീസ് പിടികൂടിയതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം പഴയപള്ളിക്ക് സമീപം തുപ്പാശിക്കുടിയിൽ പുരയിടത്തിൽ എഡ്വിൻ (39) നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. തമിഴ്നാട്ടിൽ നിന്നും കുറഞ്ഞ വിലയ്ക്ക് മദ്യം വാങ്ങി അമിത വിലയ്ക്ക് വിൽക്കാൻ വേണ്ടിയാണ് പ്രതി മദ്യം കടത്തിയത്. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയും കാപ്പ നിയമപ്രകാരം ജയിൽശിക്ഷ അനുഭവിച്ചിട്ടുള്ളതുമായ ഇയാളെ കോട്ടപ്പുറം പുതിയ പള്ളിക്ക് സമീപം നിന്നാണ് മദ്യവുമായി അറസ്റ്റ് ചെയ്തത്.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത എഡ്വിൻ (39)



വിഴിഞ്ഞം എസ്എച്ച്ഓ രമേഷ്. ജി, എസ് ഐമാരായ രാജേഷ്, ബാലകൃഷ്ണൻആചാരി, മോഹനൻ, അലോഷ്യസ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. ലോക്ഡൗണിന്റെ ഭാഗമായി വരും ദിവസങ്ങളിലും ശക്തമായ പരിശോധന ഉണ്ടാകുമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

## ലോക്ക് ഡൗൺ വിലക്ക് ലംഘനം: 437 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ലോക്ക് ഡൗൺ ദിനമായ ഇന്നലെ (10-05-2021) നാല്ല മണിവരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ

കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 437 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 97 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 330 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 1,66,000/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 8 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 5477 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
10-05-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി